# CHAPTER-6

'ദുഷ്ടൻമാർ കലങ്ങിമറിയുന്ന കടൽപോലെയാകുന്നു. അതിന് അടങ്ങിയിരിഷ്പാൻ കഴിയുകയില്ല. അതിലെ വെള്ളം ചെളിയും ചേറും മേലോട്ട് തള്ളുന്നു--------
(യെശ:57:20,21)

മത്താ: (8:27)ൽ " കാറ്റും കടലും കൂടെ ഇവനെ അനുസരിക്കുന്നുവല്ലോ" എന്ന് കാണുന്നു.

ഏത് ദുഷ്ടന്റെയും ജീവിതത്തിൽ ദൈവവചനം എത്തിയാൽ വചനം അവനെ രുപാന്തരപ്പെടുത്തുന്നു . അതിനായി ശ്രമിക്കുവാൻ നിങ്ങൾ തയ്യാറാണോ? ശലോമോനും യെറുശലേം പുത്രിമാരും, കലങ്ങിമറിയുന്ന കടൽപോലെയാണ്. വെള്ളവും ചേറും മേലോട്ടുതള്ളി ശൂലേമി എന്ന ഇടയകന്യകയെ പരിഹസിക്കുകയും ഉപദ്രവിക്കുകയും ചെയ്തിരുന്നു. എന്നിട്ടും തന്റെ പ്രാണപ്രീയനെപ്പറ്റി ശലോമോൻ കേൾക്കെ ശൂലേമി നടത്തുന്ന സാക്ഷ്യം (5:10-16) യെറുശലേം പുത്രിമാരുടെ ചിന്തകൾക്ക് മാറ്റം വരുത്തുന്നു. യേശു ഉള്ളിൽ വന്നാൽ ആത്മസന്തോഷം തിരമാലപോലെ പൊങ്ങുന്നു. ഇത് പോലെ വേർപാടിലായ സഭയെ പരിഹസിക്കുന്നവരോട് കർത്താവിന്റെ കരുതൽ, കാവൽ, കണ്ണീർ തുടയ്ക്കുന്നകരം ഇവയെപ്പറ്റി സാക്ഷിപ്പാൻ വിശ്വാസി തയ്യാറാണോ? നിഴലായ ശൂലേമിയെപ്പോലെ പൊരുളായ സഭ ചെയ്താൽ അന്വേഷിക്കുവാൻ പലരും തയ്യാറാകും.

ശൂലേമിയോടൊപ്പം അന്വേഷിപ്പാൻ തയ്യാറായി വന്നവർ ചോദിക്കുന്ന ചോദ്യങ്ങൾ (ഉത്ത:6:1)ൽ കാണുന്നു. അന്വേഷണം കുട്ടായ ഒരു യത്നമാണ് ഇവിടെ. പ്രീയൻ എവിടെ പോയി ? ഏതാണ് അവന്റെ വഴി ? എന്ന ചോദ്യങ്ങൾ അന്വേഷണത്തിൽ താല്പര്യമുള്ളത് കൊണ്ടാണ് ചോദിക്കുന്നത്. അല്ലായിരുന്നു എങ്കിൽ അവൻ എവിടെ എങ്കിലും പോകട്ടെ എന്ന് ചിന്തിക്കുകയേഉള്ളു. തന്റെ പ്രീയൻ പോയവഴി ചോദിച്ചവർക്കുള്ള മറുപടി (6:2,3) വാക്യങ്ങളിൽ കാണാം.

(4) തന്റെ തോട്ടത്തിൽ ആടുക്കളെ മേയിക്കുകയാണ് അദ്ദേഹം. ഇടയന്മാർ ആടുകളെ തീറ്റി ചുറ്റിക്കറങ്ങുമ്പോൾ പൂവുകളും ഫലങ്ങളും സുഗന്ധവർഗ്ഗങ്ങളും ശേഖരിച്ച് ഭവനങ്ങളിൽ ഇരിക്കുന്ന പ്രീയതമമാർക്ക് നൽകും. പകരമായി അവരുടെ ഉള്ളിൽ കരുതിയ സ്നേഹമാണ് പ്രീയതമമാർ നൽകുന്നത്, (2) തോട്ടം പുതിയ നിയമസഭയത്രെ. (3) തോട്ടം സത്യവചനമായും നമുക്ക് ചിന്തിയ്ക്കാം. 66 പുസ്തകങ്ങളും, ഓരോ സുഗന്ധസസ്യങ്ങളുടെ തടങ്ങളാണ്. താമരപ്പൂക്കൾ പറിപ്പാൻ അവൻ ഓരോ തടത്തിലും പോകുന്നു. സ്വർഗ്ഗം പറിച്ചു നട്ട തടത്തിൽ തന്നെ നിലകൊണ്ടാൽ പ്രീയൻ അതിനെ തക്കസമയത്ത് പറിച്ചെടുത്ത് അതിന്റെ ഭംഗി ആസ്വദിക്കും. ഈ താമരപ്പൂക്കൾക്ക് പിന്നെ മുള്ളിന്റെ അനുഭവം ഉണ്ടാകുന്നില്ല. ഈ തോട്ടം നിങ്ങളുടെ സമീപെയുണ്ട്. 66 മേച്ചിൽപ്പുറങ്ങൾ നമുക്ക് സുരക്ഷിതത്വം തരുന്നു.

തുടർന്ന് മണവാട്ടിസഭയുടെ ലക്ഷണങ്ങൾ അഥവാ പ്രത്യേകതകളെപ്പറ്റി പ്രീയൻ

പറയുന്നു. Look .ഉത്ത: (6:4). മണവാട്ടിയുടെ വർണ്ണന (6:5-7) വരെയുള്ള ഭാഗത്തിന്റെ വ്യഖ്യാനം chapter (4) ൽ വിശദീകരിച്ചിട്ടുണ്ട്.

ലോകത്തിന്റെ പ്രീയന്മാർക്ക് (രാജാക്കന്മാർക്ക്) അനേക വെപ്പാട്ടികളും , തോഴിമാരും, കന്യകമാരുമുണ്ട് എന്നാൽ ശൂലേമിയുടെ പ്രീയന് (രാജാധിരാജനായവന്) ഒരു പ്രീയമാത്രമേയുള്ളു.ഏകമകളും തന്നെ പ്രസവിച്ചവൾക്ക് ഓമനയുമാണവൾ (2 കൊരി:11:2) സഭയുടെ കാന്തി സ്വയമല്ല ദൈവീകമാണ്. സഭ ചന്ദ്രനെപ്പോലെ സൗന്ദര്യമുള്ളവൾ ആകുന്നത് എങ്ങനെ? ചന്ദ്രന്റെ സൗന്ദര്യം സൂര്യനിൽ നിന്ന് ലഭ്യമാകുന്നതുപോലെ സഭയും ദൈവശക്തി ലഭിക്കുമ്പോഴാണ് പ്രകാശമുള്ളതും, ഫലമുള്ളതുമാകുന്നത്. തോട്ടിന്നരികിലുള്ള വൃക്ഷത്തോപ്പിലെത്തി ഫലങ്ങൾ സന്ദർശിക്കുകയാണ് അവൾ. ചില വ്യാഖ്യാതാക്കൾ പറയുന്നത് ഇത് പ്രീയതമന്റെ വാക്കുകളാണെന്നാണ്. അമ്മീനാദാബ് ശലോമോന്റെ തേരാളിയാണ്. ചിലർ പ്രീയനെ അന്വേഷിക്കുവാൻ സഹായിക്കുമ്പോൾ മറ്റു ചിലർ അവളെ പിൻതിരിപ്പിക്കുവാൻ ശ്രമിക്കുന്നു. ഇന്നും വേർപാട് സൂക്ഷിക്കുവാൻ ചിലർ ആഗ്രഹിക്കുമ്പോൾ മറ്റുചിലർ രഥങ്ങൾ കണ്ട് മോഹിച്ച് വേർപെട്ടവരെ പലതും കാണിച്ച് പിൻതിരിപ്പിക്കുവാൻ ശ്രമിക്കുന്നു. അതിനായി ഭരണകുടങ്ങൾ പല നിയമങ്ങളും കൊണ്ടുവരും. എന്നാൽ ദൈവമക്കൾ ധൈര്യമായി പ്രാർത്ഥനയോടെ മുമ്പോട്ടുപോക്കുക ചതിയിൽ വീഴാതെ സൂക്ഷിക്കുക.

*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg